Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2018/1515(47)

തീയതി : 17.10.2018

# സർക്കുലർ

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - ഹൈടെക് ഉപകരണങ്ങളുടെ ഉപയോഗം - സമഗ്ര ഉപയോഗം തുടങ്ങിയ ഹൈടെക് പ്രവർത്തനങ്ങളുടെ വിവരശേഖരണവും പരിശോധനയും (ഓഡിറ്റ്) നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-1. സ.ഉ.(സാധാ) നം 165/2018/പൊ.വി.വ. തീയതി 10.01.2018.

2. 17.10.2018-ലെ KITE/2018/1515(43) കറിപ്പും അതിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ ഉത്തരവും.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും, ഡിജിറ്റൽ പഠന വിഭവങ്ങൾ ഉൾപ്പെടുത്തി സമഗ്ര പോർട്ടൽ തയ്യാറാക്കുകയും പഠനബോധന പ്രവർത്തനങ്ങളിൽ ഇവയുടെ ഉപയോഗവും വിനിയോഗവും സംബന്ധിച്ച് അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

സൂചന 1ലെ സർക്കാർ ഉത്തരവ് പ്രകാരം ഹൈടെക് ഉപകരണങ്ങളുടെ സേവന സൗകര്യങ്ങളും ഉപയോഗവും കൈറ്റിന്റേയും വിദ്യാഭ്യാസ ഓഫീസർമാരുടേയും നേതൃത്വത്തിൽ പരിശോധനക്കും ഓഡിറ്റിനും വിധേയമാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സൂചന 2 പ്രകാരം അധ്യാപകർക്കും വിദ്യാലയങ്ങൾക്കും കൂടുതൽ പിന്തുണയും പരിശീലനവും നൽകുന്നതിനായി ഹൈടെക് ക്ലാസ് മുറിയിലെ ഉപകരണങ്ങളുടെ ഉപയോഗം, സമഗ്ര ഉപയോഗം തുടങ്ങിയവ സംബന്ധിച്ച് വിവരശേഖരണവും പരിശോധനയും (ഓഡിറ്റ്) നടത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഉത്തരവായിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി പൂർത്തിയാക്കുന്ന വിവരശേഖരണത്തിന്റെ ഒന്നാം ഘട്ടം 2018 ഒക്ടോബർ 22 മുതൽ നവംബർ 30 വരെ നടത്തുന്നതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഹൈടെക് പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ കൈറ്റ് തയ്യാറാക്കുന്ന പ്രൊഫോർമ ഉപയോഗിച്ച് കൈറ്റ് മാസ്റ്റർ ട്രെയ്നർമാർ നേരിട്ട് സന്ദർശിച്ച് വിവര ശേഖരണം നടത്തേണ്ടതാണ്.
2. സന്ദർശിക്കുന്ന സ്കൂളിലെ എല്ലാ അധ്യാപകരിൽ നിന്നും, ഓരോ ഡിവിഷനിലേയും/ ബാച്ചിലേയും റാൻഡമായി അഞ്ച് വിദ്യാർത്ഥികളിൽ നിന്നും വിവര ശേഖരണം നടത്തേണ്ടതാണ്. സ്കൂളിനെ സംബന്ധിക്കുന്ന പൊതുവിവരങ്ങൾ ഹെഡ്മാസ്റ്റർമാർ/ പ്രിൻസിപ്പൽമാരിൽ നിന്നും ശേഖരിക്കേണ്ടതാണ്.

3. സ്കൂൾ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ വിവരശേഖരണം നടത്താൻ വേണ്ട ക്രമീകരണങ്ങൾ സ്കൂൾ ഹെഡ്മാസ്റ്റർമാർ /പ്രിൻസിപ്പൽമാർ ഒരുക്കേണ്ടതാണ്.

4. ജില്ലാതലത്തിൽ മാസ്റ്റർ ട്രെയിനർമാരുടെ യോഗം ചേർന്ന് സ്കൂൾ സന്ദർശനം സംബന്ധിച്ച ഷെഡ്യൂൾ തയ്യാറാക്കേണ്ടതാണ്. ഷെഡ്യൂളിന്റെ പകർപ്പ് സ്റ്റേറ്റ് ഓഫീസിലേക്ക് സമർപ്പിക്കുന്നതിനും ഷെഡ്യൂൾ അനുസരിച്ച് മാസ്റ്റർ ട്രെയിനർമാർ സ്കൂൾ സന്ദർശനം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ജില്ലാ കോ-ഓർഡിനേറ്റർ ശ്രദ്ധിക്കേണ്ടതാണ്.

5. പ്രൊഫോർമ ഉപയോഗിച്ച് ശേഖരിക്കുന്ന വിവരങ്ങൾ മാസ്റ്റർ ട്രെയ്നർമാർ കൈറ്റ് തയ്യാറാക്കുന്ന ഓൺലൈൻ സംവിധാനത്തിൽ സമർപ്പിക്കേണ്ടതാണ്. ജില്ലാ/വിദ്യാഭ്യാസ ജില്ലാ/മേഖലാ തലങ്ങളിലുള്ള റിപ്പോർട്ടുകൾ വിദ്യാഭ്യാസ ഓഫീസർമാർക്ക് തുടർനടപടികൾക്കായി നൽകേണ്ടതുമാണ്.

കെ. അൻവർ സാദത്ത്
(വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ)

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

- പൊതുവിദ്യാഭ്യാസ ഡയറക്ടർ
- ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
- ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
- എല്ലാ ആർഡിഡി/എഡി മാർക്കും

} ആമുഖക്കത്ത് സഹിതം

- എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും

കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക് ഫയൽ